കോട്ടയം	45,06,812
ആലപ്പുഴ	45,00,000
എറണാകുളം	9,23,82,558
തൃശ്ശൂർ	1,82,21,089
ഇടുക്കി	11,87,800
കാസർഗോഡ്	33,97,000
കോഴിക്കോട്	2,60,17,072
മലപ്പുറം	78,53,000
പാലക്കാട്	30,10,97,716
കണ്ണൂർ	7,16,610
വയനാട്	9,79,272
ആകെ	49,43,40,220

(ഡി) പീനൽ അസസ്മെന്റ് നടത്തുകയും തുക അടയ്ക്കുന്നതുവരെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക അടയ്ക്കാത്തവർക്കെതിരെ ആർ. ആർ. നടപടികളും എടുത്തു വരുന്നു.

ആന്റി തെഫ്റ്റ് സ്കാഡിന്റെ പ്രവർത്തനം

10 [1098] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആന്റി തെഫ്റ്റ് സ്കാഡ് 2004 ഒക്ടോബർ മുതൽ എത്ര മോഷണ കേസ്സുകൾ കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) എത്ര തുകയ്ക്കുള്ള വൈദ്യുതി മോഷണമാണ് ഓരോ കേസ്സിലും കണ്ടെത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഈ സ്ഥാപനങ്ങളിൽ വൈദ്യുതി അപഹരണം എത്ര വർഷമായി നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതാപഹരണം തടയുന്നതിന് എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ ആന്റ് ബി) 83 എണ്ണം. 14,91,61,486 (പതിനാല് കോടി തൊണ്ണൂറ്റി ഒന്നു ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി എൺപത്തിയാറു) രൂപയുടെ വൈദ്യുതി മോഷണമാണ് കണ്ടെത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനങ്ങളിൽ വൈദ്യുതി അപഹരണം എത്ര വർഷമായി നടന്നുവരുന്നുവെന്ന് കണ്ടെത്തുവാൻ നിലവിലുള്ള സംവിധാനമനുസരിച്ച് കഴിയില്ല. മോഷണം കണ്ടെത്തുന്ന ദിവസം മുതൽ ആറുമാസം മുൻകാല പ്രാബല്യം കണക്കാക്കി പിഴ ചുമത്തുകയാണ് ചെയ്യുന്നത്.

(ഡി) വൈദ്യുതി ചോർത്തൽ (വൈദ്യുതി മോഷണവും അനധികൃത ഉപഭോഗവും) കൂടുതൽ ഫലപ്രദമായി തടയുന്നതിനായി ആന്റി പവ്വർ തെഫ്റ്റ് സ്ക്വാഡിന്റെ ഘടന താഴെ പറയുന്ന രൂപത്തിൽ വിപുലീകരിച്ചു. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽ നോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവ്വർ തെഫ്റ്റ് (ആകെ മൂന്ന്) റീജിയണൽ യൂണിറ്റും അതിനുകീഴിൽ തിരുവനന്തപുരം റീജിയണൽ തിരുവനന്തപുരത്തും, കോട്ടയത്തുമായി രണ്ടും എറണാകുളം റീജിയണൽ യൂണിറ്റിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് എന്നിവിടങ്ങളിലായി മൂന്നും കോഴിക്കോട് റീജിയണൽ യൂണിറ്റിൽ കോഴിക്കോട് കാസർഗോഡ്, കൽപ്പറ്റ എന്നിവിടങ്ങളിലായി മൂന്നും (ആകെ എട്ട്) ആന്റി പവ്വർ തെഫ്റ്റ് സ്ക്വാഡുകളും രൂപീകരിച്ചു. കൂടാതെ കഴിഞ്ഞ എട്ടു വർഷക്കാലമായി ഹൈടെൻഷൻ മേഖലയിലെ കറണ്ടു മോഷണ പരിശോധന ചീഫ് എഞ്ചിനീയറു (കമേഴ്സ്യൽ)-ടെ മേൽനോട്ടത്തിൽ രണ്ടു സ്പെഷ്യൽ സ്ക്വാഡുകൾക്കായിരുന്നു. ഇവയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല എന്നു ബോദ്ധ്യമായതിനാൽ ബോർഡ് ഈ സ്പെഷ്യൽ സ്ക്വാഡുകൾ റദ്ദാക്കി ഹൈടെൻഷൻ/എകസ്ട്രാ ഹൈടെൻഷൻ മേഖലയിലെ കറണ്ടു മോഷണ പരിശോധന കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും അതിന്റെ ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആന്റി പവ്വർ തെഫ്റ്റ്)-മാരെ നേരത്തെ സൂചിപ്പിച്ച തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തു. തിരുവനന്തപുരത്തിനു പുറമെ, എറണാകുളം, കോഴിക്കോട് എന്നീ പട്ടണങ്ങൾ കേന്ദ്രമാക്കി ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ പ്രവർത്തനം 17-4-2004 മുതൽ ആരംഭിച്ചിട്ടുണ്ട്.

നഗരസഭകൾ വിതരണം ചെയ്യുന്ന ബൾബ്, ട്യൂബ് എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കാൻ നടപടി

11 [1099] ശ്രീ. എം. എ. വാഹീദ് :

,, എം. പി. ഗംഗാധരൻ :

,, എം. എം. ഹസ്സൻ :

,, ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര സഭകളുടെ അതിർത്തിക്കുള്ളിൽ തെരുവുവിളക്ക് കത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ് ;

(ബി) ഇക്കാര്യത്തിൽ നഗര സഭകളുടെ പങ്കെന്താണ് ;

(സി) നഗരസഭ വാങ്ങിക്കൊടുക്കുന്ന ബൾബ്, ട്യൂബ്, ചോക്ക് എന്നിവ നിലവാരമില്ലാത്തവയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly